**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 412** | **16-09-2025 - ൽ മറുപടിയ്ക്ക്**

**കെ-ലിഫ്റ്റ് ഉപജീവന ക്യാമ്പയിൻ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി ഒ എസ് അംബിക</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കെ-ലിഫ്റ്റ് ഉപജീവന ക്യാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;</td><td>(എ)</td><td>കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരു വർഷം കൊണ്ട് മൂന്ന് ലക്ഷം പേർക്ക് ഉപജീവനം ഉറപ്പുവരുത്തുന്നതിനു വേണ്ടി 2024-25 സാമ്പത്തികവർഷം നടപ്പിലാക്കിയ പദ്ധതിയാണ് കെ-ലിഫ്റ്റ് -(Kudumbashree Livelihood Initiative for Transformation). ഒരു അയൽക്കൂട്ടത്തിൽ നിന്നും ചുരുങ്ങിയത് ഒരു സംരംഭം/ തൊഴിൽ എന്ന കണക്കിൽ മൂന്ന് ലക്ഷം ഉപജീവന മാർഗങ്ങൾ സൃഷ്ടിച്ച് കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുക എന്നതാണ് ഈ ക്യാമ്പെയിന്റെ പ്രധാന ലക്ഷ്യം.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി തൊഴിൽ (ഉപജീവനം) നൽകാൻ സാധിച്ചിട്ടുള്ളവരുടെ എണ്ണം വകുപ്പുതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് ലഭ്യമാക്കുമോ?</td><td>(ബി)</td><td>കെ ലിഫ്റ്റ് ഉപജീവന ക്യാമ്പയിനിന്റെ ഭാഗമായി ആകെ 3,06,862 ഉപജീവനമാർഗ്ഗം സൃഷ്ടിക്കാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം.</th><th>ജില്ല</th><th></th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>25124</td></tr>
<tr><td>2</td><td>കൊല്ലം</td><td>23171</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>18401</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>20955</td></tr>
<tr><td>5</td><td>കോട്ടയം</td><td>21759</td></tr>
<tr><td>6</td><td>ഇടുക്കി</td><td>16452</td></tr>
<tr><td>7</td><td>എറണാകുളം</td><td>25017</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>28804</td></tr>
<tr><td>9</td><td>പാലക്കാട്</td><td>24771</td></tr>
<tr><td>10</td><td>മലപ്പുറം</td><td>29925</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>23491</td></tr>
<tr><td>12</td><td>വയനാട്</td><td>9983</td></tr>
</table></td></tr>
</table>

| | | |
|---|---|---|
| 13 | കണ്ണൂർ | 22158 |
| 14 | കാസർഗോഡ് | 16851 |
| | TOTAL | 306862 |

സെക്ഷൻ ഓഫീസർ